**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2414** **21-01-2021 - ൽ മറുപടിയ്ക്ക്**

**ചകിരിയുടെ ദൗർലഭ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കയർ വ്യവസായം നേരിടുന്ന ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ആഗോള ടെൻഡർ വിളിച്ച് ചകിരി ഇറക്കുമതി ചെയ്യുന്നതിന് തീരുമാനിച്ചിരുന്നോ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) | ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസിയായ കിറ്റ്കോയുടെ സഹായത്തോട് കൂടി ഗ്ലോബൽ ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നു.എന്നാൽ ടി ടെൻഡറിൽ ഒരു ഏജൻറ് മാത്രമാണ് പങ്കെടുത്തിരുന്നത്. അയതിനാൽ ടി നടപടിക്രമം പൂർത്തിയാക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് ഇ-ടെൻഡർ നടപടികളിലൂടെ ചകിരി സംഭരിച്ച് വിതരണം ചെയ്തുവരുന്നു. |
| (ബി) | സംസ്ഥാനത്ത് നിന്നും പരമാവധി തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദനം കൂട്ടുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിരുന്നോ; അത് വിജയപ്രദമാണോ; | (ബി) | ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട് കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകികൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. . തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധ്യമായിട്ടുണ്ട്.ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. ഇത്തരം നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിയ്ക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ഡി.എഫ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡി.എഫ് മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്.വൈക്കം പ്രോജക്ടിൽ ഡി.എഫ് മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉല്പാദിപ്പിച്ച് എടുക്കുന്നു. കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ചകിരിയുടെ 44% കേരളത്തിലെ ഡി.എഫ് മില്ലുകളിൽ നിന്ന് ഉൽപ്പാദിപ്പിച്ചതാണ്. 2019-20 ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടൺ ആയിരുന്നു. 2020 -21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്.ആയതിൽ 2463.30 ടൺ ചകിരി കേരളത്തിലെ ഡി.എഫ് മില്ലുകളിൽ നിന്ന് സംഭരിച്ചതാണ്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ 1000 ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് ചകിരി ഉല്പാദനം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (സി) | 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകം തന്നെ 113 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019 ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.ഡി.എഫ്. മില്ലുകൾ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% പരമാവധി 35 ലക്ഷം രൂപ എന്നതരത്തിൽ പ്രവർത്തനമൂലധനം ഒഴിവാക്കിയ മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി. വഴിയും വായ്പ ലഭ്യമാണ്.മേൽ നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിയ്ക്കായി തമിഴ് നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡി.എഫ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്.കൂടാതെ വിവിധ ഡി.എഫ് മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്.കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകികൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. . |

| | | | |
|---|---|---|---|
| | | | തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. |
| (ഡി) | ഇതിനകം എത്ര ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞു? | (ഡി) | സംസ്ഥാനത്ത് ഇതിനോടകം തന്നെ 113 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019 ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. |

സെക്ഷൻ ഓഫീസർ